**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1606** **06.03.2020-ൽ മറുപടിയ്ക്ക്**

## സ്വകാര്യ വാഹനങ്ങളുടെ മോട്ടോർവാഹന നിയമ ലംഘനം

| | **ചോദ്യം**<br>**ശ്രീ.കെ.ജെ. മാക്സി** | | **മറുപടി**<br>**ശ്രീ.എ.കെ.ശശീന്ദ്രൻ**<br>**(ഗതാഗത വകുപ്പ് മന്ത്രി)** |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ടൂറിസ്റ്റ് ബസ്സുകളുൾപ്പെടെയുള്ള സ്വകാര്യ വാഹനങ്ങളുടെ മത്സരയോട്ടവും ഒപ്പം ഇവയുടെ മുൻവശത്തും, പുറകുവശത്തും, മറ്റുവശങ്ങളിലുമായി മോട്ടോർ വാഹന നിയമമോ ചട്ടങ്ങളോ പാലിക്കാതെയുള്ള പരസ്യങ്ങളും സീനറികളും ഒട്ടിച്ചുള്ള യാത്ര കോടതി വിധിപ്രസ്താവനകളിലൂടെ നിയവിരുദ്ധ പ്രക്രിയയായി വിലയിരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ബഹുമാനപ്പെട്ട ഹൈക്കോടതി WP(C)24417/2019 നമ്പർ കേസിലെ 05/09/2019-ലെ ഉത്തരവ് പ്രകാരം കോൺട്രാക്ട് കാര്യേജുകളിൽ മറ്റു വാഹനങ്ങളിലെ ഡ്രൈവർമാരുടെയും റോഡ് ഉപയോക്താക്കളുടെയും ശ്രദ്ധ തിരിക്കുന്ന തരത്തിലുള്ള പരസ്യങ്ങളും ചിത്രങ്ങളും പ്രദർശിപ്പിക്കുന്നതിനെതിരെയും അമിതമായി ശബ്ദ പ്രകാശ സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനെതിരെയും നടപടികൾ എടുക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം നിയമ ലംഘനങ്ങൾക്കെതിരെ കർശന നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരുന്നു. |
| (ബി) | അതുപോലെ മോട്ടോർവാഹന നിയമപ്രകാരം വാഹന നമ്പർ രാത്രിയിലും വ്യക്തമായി കാണണമെന്നിരിക്കെ ക്യാമറക്കണ്ണുകളെയും പരിശോധകരെയും കബളിപ്പിക്കാനായി നമ്പർ പ്ലേറ്റിന് സമീപത്ത് എൽ.ഇ.ഡി. ലൈറ്റുകൾ പ്രകാശിപ്പിച്ച് പരിശോധനകളിൽപ്പെടാതെ പോകുന്ന പ്രക്രിയ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | വാഹനങ്ങളുടെ പുറംവശങ്ങളിൽ അനധികൃത ലൈറ്റുകൾ ഘടിപ്പിക്കുന്നതായി ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ട്. ഇതിനെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത കോടതി വിധികൾക്കുശേഷം സംസ്ഥാനത്താകമാനം ഗതാഗത വകുപ്പ് എത്ര വാഹനങ്ങളുടെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു എന്നും, കോടതിവിധി നടപ്പാക്കാനായി സമയബന്ധിതമായി സ്വീകരിച്ചുവരുന്ന | (സി) | ഇത്തരം നിയമലംഘനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് 'ഓപ്പറേഷൻ തണ്ടർ' എന്ന പേരിൽ പ്രത്യേക വാഹന പരിശോധന നടത്തുകയും വാഹനങ്ങളിൽ നിന്ന് അനധികൃത |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | | പരസ്യ ശബ്ദ പ്രകാശ സംവിധാനങ്ങൾ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ 14,602 കേസുകൾ രജിസ്റ്റർ ചെയ്യുകയും 5,13,94,000/- രൂപാ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെയും നിറം 1/3/2020 മുതൽ ഏകീകരിക്കുന്നതിന് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ